പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3419      24.06.2013 ൽ മറുപടിക്ക്

## കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എം. ഹംസ<br>ശ്രീ. സി.കൃഷ്ണൻ<br>ഡോ. കെ.ടി.ജലീൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ ഇതു സംബന്ധമായ കണക്കുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 2011 നെ അപേക്ഷിച്ച് 2012 ൽ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ കുറഞ്ഞ് വരുന്നതായി വിലയിരുത്തിയിട്ടുണ്ട്. |
| (സി) ബലാത്സംഗം, വശീകരിച്ച് തട്ടിക്കൊണ്ടു പോകൽ, ലൈംഗികമായി പീഡിപ്പിക്കൽ എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനിടയായ സാഹചര്യവും വിലയിരുത്തുകയുണ്ടായോ; വിശദമാക്കാമോ; ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയാത്ത സാഹചര്യം പോലീസ് സേനയ്ക്കുണ്ടോ; | (സി) | ബലാത്സംഗം, വശീകരിച്ച് തട്ടിക്കൊണ്ടു പോകൽ, ലൈംഗികമായി പീഡിപ്പിക്കൽ എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻ തന്നെ കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ കണ്ടെത്തി കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

→

| | | | |
|---|---|---|---|
| (ഡി) | കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ? | (ഡി) | സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ് രൂപീകരിച്ചും ചൈൽഡ് ഹെൽപ്പ് ലൈനുകൾ സ്ഥാപിച്ചും വനിതാ സി.ഐ മാരുടെ ചുമതലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാസെല്ലുകൾ രൂപീകരിച്ചും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായുള്ള ജാഗ്രതാ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ സ്കൂൾ, കോളേജ് പരിസരത്തും മറ്റും ശക്തമായ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ജനമൈത്രി പോലീസിന്റെ ഭാഗമായി റസിഡൻസ് അസോസിയേഷൻ മുഖാന്തിരം കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും, സെമിനാറുകൾ നടത്തിയും നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. ഇതിനു പുറമേ ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള സംരക്ഷണവും ഉറപ്പാക്കിയും വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ